വിദ്യാത്ഥികളുടെ ബസ്സ് പിക്കറിംഗ്.

*977. [16] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) 1964 ജനുവരിയിൽ തിരുവല്ലായിൽവച്ച് കാളേജു വിദ്യാത്ഥികളും ട്രാൻസ്പോർട്ട് ബസ്സുകളും പിക്കറു ചെയ്തിട്ടുണ്ടോ ;

(ബി) വിദ്യാത്ഥികളും എന്തെല്ലാം ആവശ്യങ്ങളും ഉന്നയിച്ചുകൊണ്ടാണ് ഈ സമരം നടത്തിയത് ;

(സി) ഈ സമരം എങ്ങനെ അവസാനിച്ചു ;

(ഡി) വിദ്യാത്ഥികളും പ്രത്യക്ഷസമരം തുടങ്ങുന്നതിനുമുമ്പ് അവരുടെ ആവശ്യങ്ങളും ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിനേറയും ഗവണ്മെൻറിനേറയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടായിരുന്നോ ;

(ഈ) ഉണ്ടെങ്കിൽ അതിന്മേൽ നടപടി സ്വീകരിക്കാതിരുന്നതെന്തുകൊണ്ട് ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ഉണ്ട്.

(ബി) ചെങ്ങന്നൂർ-കുറുപ്പുഴ റൂട്ടിൽ കൂടുതൽ സർവ്വീസുകൾക്കുവേണ്ടി.

(സി) 20-1-1964 മുതൽ ഒരു സർവ്വീസ് പുതുതായി തുടങ്ങിയതോടുകൂടി അവസാനിച്ചു.

(ഡി) ഉണ്ടായിരുന്നു.

(ഈ) ഗവണ്മെൻറ് അതിന്മേൽ പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടായിരുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള : വിദ്യാത്ഥികളുടെ ആവശ്യങ്ങൾ നേരത്തെതന്നെ ഗവണ്മെൻറ് ശ്രദ്ധയിൽപ്പെടുത്തിയിരുന്നിട്ടും, ഒരു സമരം നടത്തിയശേഷമേ അനുവദിച്ചുകൊടുക്കുകയുള്ളൂ എന്നു നിർബന്ധം കാണിച്ചതെന്താണ് ; അനുവദിച്ചുകൊടുക്കുന്നതിനു എന്തുകൊണ്ടാണ് കാലതാമസം വരുത്തിയത് ?

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെ കാലതാമസം ഉണ്ടായില്ല. 1963 ജനുവരിയിലാണ് ആദ്യമായി ആവശ്യപ്പെട്ടത്. ഉടൻതന്നെ അന്വേഷിച്ച് വേണ്ടതു ചെയ്യണമെന്നു നിർദ്ദേശം കൊടുത്തിരുന്നു. ഇതുപോലെ പല ഭാഗങ്ങളിൽ നിന്നും കാളേജ് പടിക്കൽവരെ ബസ്സ് പോകണമെന്ന നിവേദനം ഉണ്ടായി. ഒന്നാമത്, പ്രൈവറു ബസ്സുകളും ഓടുന്ന റൂട്ടിൽകൂടി പോകണം. ഓരോ വിദ്യാലയവും ഇങ്ങനെ ആവശ്യപ്പെടുന്നതുകൊണ്ട് ഒന്നുകൂടി ആലോചിക്കണമെന്നു റിപ്പോർട്ടു വന്നു, അങ്ങനെയിരിക്കുമ്പോഴാണ് പിക്കറിംഗ് തുടങ്ങിയത്. തൽക്കാലം ആ ബുദ്ധിമുട്ട് പരിഹരിക്കാൻവേണ്ടി സർക്കാർ ബസ്സുകളും വിട്ടു. അവിടെ സർക്കാർ ബസ്സുകളും വേണോ, പ്രൈവറു ബസ്സുകളും മതിയോ എന്ന കാര്യമുണ്ട്. ടെമ്പററിയായി ഗവണ്മെൻറ് ബസ്സ് ഇട്ടു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : വിദ്യാത്ഥികളുടെ മേൽ ലാത്തിച്ചാർജ് നടത്തിയതിനെപ്പററി അന്വേഷിക്കാൻ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ട് റിപ്പോർട്ടു കിട്ടിയോ ?

ശ്രീ. കെ. ടി. അച്യുതൻ : അതിപ്പോൾ ഓർമ്മയിൽനിന്നു പറയാനൊക്കുകയില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : പല വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നും ഇങ്ങനെയുള്ള അപേക്ഷകളും ഉണ്ടായിരുന്നു. ആ വിദ്യാലയങ്ങളിലെ കുട്ടികളും എത്ര ദിവസം സ്ട്രൈക്കു നടത്തിയാൽ അതു അനുവദിക്കുമെന്നു പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : സ്ട്രൈക്കു കൂടാതെതന്നെ കാര്യം നടത്താനുള്ള ക്ഷമ ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly